## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഇന്ന് നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റത്തിന് തിരിതെളിച്ചു. ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കുക എന്ന നമ്മുടെ വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനം വളരെയധികം പ്രശംസ അർഹിക്കുന്നു. നമ്മുടെ സ്കൂളിനെ സംബന്ധിച്ചിടത്തോളം പരിമിതമായ സാഹചര്യത്തിൽ നിന്നും ഉയരുവാനുള്ള ഒരു അവസരമായി ഇത് കണക്കാക്കേണ്ടിയിരിക്കുന്നു. പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ കൂടുതൽ ആകർഷിക്കാൻ വേണ്ട കരുതൽ ഓരോ സ്കൂളും ലക്ഷ്യമാക്കേണ്ടതിന്റെ ആവശ്യകത അടുത്ത് എത്തിയിരിക്കുന്നു. ഒന്നു മുതൽ 12 വരെയുള്ള ക്ലാസ്സിൽ 330 ഓളം കുട്ടികളും അധ്യാപക അനധ്യാപകരും ഉൾപ്പെടെ 30 ഓളം അംഗങ്ങളും സ്കൂളിൽ പ്രവർത്തിക്കുന്നു.അക്കാദമിക് പ്ലാൻ എന്ന ലക്ഷ്യം എല്ലാവരുംകൂടി ചർച്ചചെയ്ത് തീരുമാനിച്ച പ്രവർത്തനങ്ങളാണ് ഇവിടെ ചേർത്തിരിക്കുന്നത്. സ്കൂൾ വികസന പദ്ധതികളെ ഭൗതികം അക്കാദമികം സാമൂഹ്യം എന്നീ മേഖലകളായി തിരിച്ച് ഓരോ മേഖലയിലും നടപ്പാക്കേണ്ട വിവിധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഓരോ കുട്ടിയേയും ഒറ്റ യൂണിറ്റായി പരിഗണിച്ച് സ്കൂളിലും സമൂഹത്തിലും അവരുടെ കഴിവുകൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയിരിക്കുന്നു. ഹൈടെക് യുഗം എന്ന ആശയം ഇനി വിദൂരമല്ല എന്ന് മനസ്സിലാക്കി ഏവരും പ്രവർത്തിക്കേണ്ടി വരുന്നു. വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന ആശയം എല്ലാ വിദ്യാലയങ്ങളിലും ഒരു വൻ മാറ്റത്തിന് തിരി തെളിയിക്കട്ടെ.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായ വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിരംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. പെൺകുട്ടികൾക്കായി കരാട്ടേ. തൈകോണ്ടോ പരിശീലനങ്ങളിലൂടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധത്തിനും സാധിക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങ ളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹച ര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനു സരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരു ത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ. യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴി യുന്നു. കൂടാതെ ഹരിതഭംഗിയാർന്ന, ജൈവസമ്പന്നതയിൽ അലങ്കൃതമായ

## ചരിത്രം

പ്രസിദ്ധ കവി കുഞ്ചൻ നമ്പ്യാരുടെ കൃതികളിൽ പ്രകീർത്തിക്കപ്പെടുന്ന കണ്ടങ്കരിക്കാവിലമ്മയുടെ പേരിലറിയപ്പെടുന്ന പുണ്യക്ഷേത്രം - ദേവിവിലാസം ഹൈസ്കൂൾ കണ്ടങ്കരി.. കുഞ്ചൻനമ്പ്യാരുടെ ഗുരുവായിരുന്ന ബാലരവിക്കുറുപ്പിന്റെ ആരാധനാ മൂർത്തിയായ കണ്ടങ്കരിക്കാവിന് തെക്കുവശത്തുള്ള ആശ്രമം കുടുംബത്തിൽ നിന്നാണ് ഈ വിദ്യാലയത്തിന്റെ തുടക്കം.അവിടെ പ്രവർത്തച്ചിരിന്ന പള്ളിക്കൂടം സ്ഥല പരിമിതി മൂലം ഏകദേശം 1 കി. മി. പടിഞ്ഞാറ് മാറി പാട്ടത്തിവരമ്പിനകം പാടശേഖരത്തിന്റെ പടിഞ്ഞാറേ ചിറയിലുള്ള പുരയിടത്തിലേക്ക് മാറ്റി പ്രവർത്തനം പുരോഗമിച്ചു. 1949-ൽ എൽ.പി സ്കൂളായി പ്രവർത്തനം ആരംഭിച്ച ഈ സ്ഥപനത്തിന്റെ പുരോഗതിയിൽ ധാരാളം ആളുകൾ പങ്കാളികളായി. 1959-ൽ അപ്പർ പ്രൈമറി സ്കൂളായും ഉയർത്തപ്പെട്ടു സ്കൂളിന്റെ സ്ഥപനത്തിലും പുരോഗതിയിലും ധാരാളം ആളുകൾ പങ്കാളികളായി. എങ്കിലും നന്ദികാട് ശ്രീ ഗംഗാധരക്കുറുപ്പിന്റെയും കൂട്ടാളികളുടെയും സർവശ്രീ എൻ ശ്രീകണ്ഠൻനായർ, കെ.കെ.കുമാരപിള്ള തുടങ്ങിയ രാഷ്ട്രീയനേതാക്കളുടെയും ശ്രമങ്ങൾ ഈ വിദ്യാലയത്തിന്റെ ഉയർച്ചയിൽ എടുത്തുപറയേണ്ടതാണ്.

## ഭൗതികസൗകര്യങ്ങൾ

സയൻസ്, കമ്പ്യൂട്ടർ ലാബുകളും, ലൈബ്രറിയും ഇവിടെയുണ്ട്. 5 ഏക്കറോളം വിസ്തൃതിയുള്ള കോമ്പൗണ്ടിനുള്ളിലാണ് സ്കൂൾ കെട്ടിടം സ്ഥിതി ചെയ്യുന്നത്.പാഠ്യേതര പ്രവർത്തനങ്ങൾ കർമ്മോത്സുകതയും അർപ്പണബോധവുമുള്ള സമർത്ഥരായ അധ്യാപകർ ഈ സ്കൂളിന്റെ നേട്ടമാണ്. സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ അഭാവത്തിലും കലാകായികരംഗങ്ങളിൽ പരിശീലനം നൽകിവരുന്നു. വിവിധമത്സരങ്ങളിൽ പങ്കെടുപ്പിച്ച് സമ്മാനാർഹരാക്കുന്നു.

## സ്കൗട്ട് & ഗൈഡ്സ്.

നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്കൗട്ട് & ഗൈഡ്സ് യൂണിറ്റ് പ്രവർത്തിക്കുന്നു.രാഷ്ട്രപതി, രാജ്യപുരസ്കാർ പരീക്ഷകളിൽ ഇവിടുത്തെ വിദ്യാർത്ഥികൾ നിരന്തരം വിജയികളാകുന്നുണ്ട്.

## ക്ലാസ് മാഗസിൻ.

3ാം ക്ലാസ് മുതൽ കുട്ടികൾ ക്ലാസ് മാഗസിനുകൾ തയാറാക്കുന്നു.

## വിദ്യാരംഗം കലാ സാഹിത്യ വേദി.

എല്ലാ ആഴ്ചയും വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ യോഗം കൂടുകയും കുട്ടികൾ പരിപാടികൾ അവതരിപ്പിക്കുകയും ചെയ്യുന്ന കൈയ്യെഴുത്ത് മാസികകൾ തയ്യാറാക്കുകയും ചെയ്യുന്ന വിദ്യാർത്ഥികൾ ഉപജില്ല ജില്ലാതല മത്സരങ്ങളിൽ വിജയിളായിട്ടുണ്ട് സംസ്ഥാനതല മത്സരങ്ങളിലും ക്യാമ്പുകളിലും കുട്ടികൾ പങ്കെടുത്തിട്ടുണ്ട്.

## ക്ലബ്ബ് പ്രവർത്തനങ്ങൾ.

എല്ലാ ആഴ്ചയും വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ യോഗം കൂടുകയും കുട്ടികൾ പരിപാടികൾ അവതരിപ്പിക്കുകയും ചെയ്യുന്ന കൈയ്യെഴുത്ത് മാസികകൾ തയ്യാറാക്കുകയും ചെയ്യുന്ന വിദ്യാർത്ഥികൾ ഉപജില്ല ജില്ലാതല മത്സരങ്ങളിൽ വിജയിളായിട്ടുണ്ട് സംസ്ഥാനതല മത്സരങ്ങളിലും ക്യാമ്പുകളിലും കുട്ടികൾ പങ്കെടുത്തിട്ടുണ്ട് .ശാസ്ത്രം, സോഷ്യൽ സയൻസ്, ഗണിതം തുടങ്ങി വിദ്യാഭാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു.വാഴ,മരച്ചീനി,പച്ചക്കറികൾ തുടങ്ങിയവ സ്കൂളിൽ കൃഷിചെയ്യുന്നുണ്ട്.

മാനേജ്മെന്റ്കണ്ടങ്കരി പുല്ലങ്ങടി എൻ.എസ്.എസ് കരയോഗത്തിന്റെ തുല്യ ഉടമസ്ഥതയിലുള്ള ഈ സ്ഥപനത്തിന്റെ ഭരണം ഇരുകരയോഗങ്ങളിൽ നിന്നുമുള്ള 6 പേർ വീതമടങ്ങിയ കമ്മറ്റിയാണ് നിർവഹിക്കുന്നത്.

